പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്ര സഹായം

*11 [513] ശ്രീ. എ. കെ. ബാലൻ:
,, വി. കെ. ചന്ദ്രൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി എന്തെല്ലാം കേന്ദ്ര സംസ്ഥാന പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; എത്ര കോടി രൂപ ലാപ്സായിട്ടുണ്ട്; സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കഴിഞ്ഞ മൂന്ന് വർഷവും എത്ര വീതമായിരുന്നു;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും ധനസഹായം ലഭിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ട് ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പട്ടികജാതി വികസന വകുപ്പുവഴി താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സഹായത്താൽ നടപ്പിലാക്കിവരുന്നു:

1. പട്ടികജാതി കുട്ടികളുടെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (100 ശതമാനം കേന്ദ്ര സഹായം).
2. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ (100 ശതമാനം കേന്ദ്ര സഹായം).
3. മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ബുക്ക് ബാങ്ക് പദ്ധതി (50 ശതമാനം കേന്ദ്ര സഹായം).
4. പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്ന പദ്ധതി, അതിക്രമം തടയുന്നതിനുള്ള നിയമം നടപ്പിലാക്കുന്നതിനുള്ള പദ്ധതി.
5. കോച്ചിംഗ് ആന്റ് അലയിഡ് സ്കീം.
6. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ മക്കൾക്ക് ഉള്ള പ്രീ-മെട്രിക് വിദ്യാഭ്യാസ സഹായം.
7. പട്ടികജാതി ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.
8. പട്ടികജാതി പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.
9. ഒ.ബി.സി. പെൺകുട്ടികൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണം.
10. പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പുവഴി താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സഹായത്താൽ നടപ്പിലാക്കിവരുന്നു:

1. മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകളുടെ കെട്ടിട നിർമ്മാണം (50 ശതമാനം/100 ശതമാനം കേന്ദ്ര സഹായം).

2. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രീ-മെട്രിക് ഹോസ്റ്റലുകൾ (50 ശതമാനം കേന്ദ്ര സഹായം).

3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (10 ശതമാനം കേന്ദ്ര സഹായം).

4. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ (100 ശതമാനം കേന്ദ്ര സഹായം).

5. പട്ടികവർഗ്ഗ വികസനം അടിസ്ഥാനമാക്കി റിസർച്ച് ഫെലോഷിപ്പ് (100 ശതമാനം കേന്ദ്ര സഹായം).

6. വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ (100 ശതമാനം കേന്ദ്ര സഹായം).

7. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ (100 ശതമാനം അധിക കേന്ദ്ര സഹായം).

8. അട്ടപ്പാടി ആരോഗ്യ പദ്ധതി—കെട്ടിട നിർമ്മാണം, ഒ.പി. ക്ലിനിക്കുകളുടെ പ്രവർത്തനവും (100 ശതമാനം പ്രത്യേക കേന്ദ്ര സഹായം).

9. ഇടുക്കി ആരോഗ്യ പദ്ധതി—4 ഒ.പി. ക്ലിനിക്കുകളുടെ പ്രവർത്തനം (75 ശതമാനം കേന്ദ്ര സഹായം).

10. മാനന്തവാടി ഹെൽത്ത് പ്രോജക്ട് [100 ശതമാനം കേന്ദ്ര സഹായം—ആർട്ടിക്കിൾ 275 (1)].

11. പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം (100 ശതമാനം കേന്ദ്ര സഹായം).

12. വയനാട്ടിലെ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ (100 ശതമാനം അധിക കേന്ദ്ര സഹായം).

13. പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനം (100 ശതമാനം അധിക കേന്ദ്ര സഹായം).

14. ആദിവാസി പുനരധിവാസ പ്രവർത്തനത്തിന് ധനസഹായം (100 ശതമാനം അധിക കേന്ദ്ര സഹായം).

15. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സർവ്വേ (100 ശതമാനം കേന്ദ്ര സഹായം).

16. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് ഫെഡറേഷന് ധനസഹായം (100 ശതമാനം കേന്ദ്ര സഹായം).

17. എറണാകുളത്ത് പട്ടികവർഗ്ഗ കോംപ്ലക്സ് നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം).

LIBRARY ARCHIVES Kerala Legislative Assembly

18. പട്ടികവർഗ്ഗക്കാർക്ക് വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുവാനുള്ള പതിപാടി (100 ശതമാനം കേന്ദ്ര സഹായം).

19. പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ (50 ശതമാനം കേന്ദ്ര സഹായം).

20. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ നീർത്തട വികസനം.

'കിർത്താഡ്സ്' 50 ശതമാനം കേന്ദ്ര സഹായത്തോടെ പരിശീലനം, ഗവേഷണം, വിലയിരുത്തൽ, പഠനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കൃഷിഭൂമി വായ്പാ പദ്ധതി.
2. ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി.
3. പ്രൊഫഷണൽ സർവ്വീസ് പദ്ധതി.
4. വിദേശ തൊഴിൽ വായ്പാ പദ്ധതി.
5. വിദ്യാഭ്യാസ വായ്പാ പദ്ധതി.
6. വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി.
7. വിവാഹ വായ്പാ പദ്ധതി.
8. മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് പദ്ധതി.
9. കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി.
10. മിനിവെഞ്ചർ പദ്ധതി I, II, IV, V.
11. ട്രാൻസ്പോർട്ട് സ്കീം (2).
12. സ്മോൾ എന്റർപ്രൈസസ് ലോൺ I, II.
13. ത്രീ വീലർ പിക്അപ് വാൻ.
14. മഹിളാ സശക്തികരൻ യോജന.
15. സഹായി-ബെനിഫിഷ്യറി ഓറിയന്റഡ് സ്കീം.
16. മാർജിൻ മണി ഡെപ്പോസിറ്റ് സ്കീം.
17. ഇൻകം ജനറേഷൻ ലിങ്ക്ഡ് ഹൗസിംഗ് സ്കീം.
18. ന്യൂ അംബേദ്ക്കർ റൂറൽ ഹൗസിംഗ് സ്കീം.
19. ആദിവാസി മഹിള സശക്തികരൻ യോജന.

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് തടിയേതര വനവിഭവങ്ങൾ ശേഖരിക്കുവാൻ വർക്കിംഗ് കാപ്പിറ്റലും അവ സൂക്ഷിക്കുവാൻ ഗോഡൗൺ നിർമ്മാണവും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം 112.20 കോടി രൂപ (11220.9077 ലക്ഷം) കേന്ദ്രത്തിൽ നിന്നും ലഭിച്ചു. അതിൽ 68.43 കോടി രൂപ (6842.93 ലക്ഷം) ചെലവഴിച്ചു. കേന്ദ്ര സഹായ പദ്ധതികൾക്ക് ലഭിച്ച തുകയൊന്നും ലാപ്സായിട്ടില്ല. ലഭിക്കുന്ന കേന്ദ്ര സഹായം തൊട്ടടുത്ത വർഷങ്ങളിൽ ചെലവഴിച്ചു വരാറുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ വിഹിതം 15.16 കോടി (1516.200 ലക്ഷം) രൂപയാണ്.

(സി) ലഭിക്കാറുണ്ട്. കേന്ദ്ര സർക്കാർ ഏത് ആവശ്യത്തിലേയ്ക്കാണോ ഫണ്ട് അനുവദിക്കുന്നത് ആ ആവശ്യത്തിലേയ്ക്ക് കേന്ദ്ര സർക്കാർ നൽകുന്ന മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ അനിസരിച്ചാണ് ഫണ്ട് ചെലവഴിക്കുന്നത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

ഇതു കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 9 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുവാൻ പ്രാപ്തരാക്കുവാൻവേണ്ട പദ്ധതിയും നിലവിലുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

*12 [514] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, വി. ഡി. സതീശൻ:
,, എൻ. ശക്തൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്.

(സി) ബാധകമല്ല.

† അനുബന്ധം II ദയവായി കാണുക.

LIBRARY ARCHIVES Kerala Legislative Assembly